# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6496 — 03/04/2018-ലെ മറുപടി

## കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നീ നഗരങ്ങളിലെ കുടിവെള്ള വിതരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ടി. വി. ഇബ്രാഹിം | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നീ നഗരങ്ങളിൽ തടസ്സമില്ലാതെ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാം ; | (എ) കോഴിക്കോട് നഗരത്തിനു വേണ്ടി നിലവിലുള്ള പദ്ധതി 1970 ൽ ആരംഭിച്ചതാണ്. വർദ്ധിച്ചു വരുന്ന നഗരത്തിന്റെ ജലആവശ്യകത കണക്കിലെടുത്തും തടസ്സമില്ലാതെ കുടിവെള്ള വിതരണം ചെയ്യുന്നതിനുമായി ജപ്പാൻ ധനസഹായത്തോടു കൂടി നിലവിലുള്ള പദ്ധതിയുടെ സ്രോതസ്സായ ചാലിയാർ പുഴയ്ക്ക് പുറമെ കുറ്റിയാടി പുഴയിൽ പെരുവണ്ണാമുഴി ജലസംഭരണിയിൽ നിന്നും ഒരു ബൃഹത്പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ വിതരണ ശൃംഖലയുടെ ബാക്കി പണികൾ പൂർത്തിയാകുന്നതോട് കൂടി നഗരത്തിലെ ശുദ്ധജലപ്രശ്നങ്ങൾ ഒരുപരിധിവരെ പരിഹരിക്കപ്പെടുന്നതാണ്.<br><br>കൊച്ചി നഗരത്തിൽ കുടിവെള്ള വിതരണത്തിനായി 1914 മുതൽ നിലവിലുണ്ടായിരുന്ന പദ്ധതി പെരിയാറിനെ ആശ്രയിച്ചുള്ളതാണ്. എന്നാൽ വർദ്ധിച്ച ജലആവശ്യകത കണക്കിലെടുത്തും തടസ്സമില്ലാതെ കുടിവെള്ള വിതരണം ചെയ്യുന്നതിനുമായി മൂവാറ്റുപുഴ ആറ് സ്രോതസ്സായി മരടിൽ സ്ഥാപിച്ച 100 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണ ശാല ഉൾപ്പെടെയുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>1933 ൽ ആരംഭിച്ച തിരുവനന്തപുരം നഗര ജലവിതരണ പദ്ധതിയുടെ സ്രോതസ്സ് പേപ്പാറ ഡാം ആണ്. കാലാവസ്ഥ വ്യതിയാനം കൊണ്ടുള്ള ജലദൗർലഭ്യവും വർദ്ധിച്ചു വരുന്ന ജല ആവശ്യകതയും പരിഗണിച്ച് തടസ്സമില്ലാതെ |

കുടിവെള്ള വിതരണം ചെയ്യുന്നതിനായി നെയ്യാർ ഡാം സ്രോതസ്സാക്കി പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

കൂടാതെ നിലവിലുള്ള തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം ഒരുക്കുന്നതിന് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ധന സഹായത്തോടെ ഒരു പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ പദ്ധതിയ്ക്ക് കേന്ദ്ര ഗവൺമെന്റിന്റെ തത്വത്തിൽ ഉള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. എ.ഡി.ബി യുമായുള്ള ചർച്ചകൾ പുരോഗമിച്ചുവരുന്നു, കൂടാതെ കുടിവെള്ളം വിതരണം ശക്തിപ്പെടുത്തുന്നതിന് വേണ്ടി ആവിഷ്കരിച്ച കേന്ദ്ര സംസ്ഥാന സർക്കാരുടെ സംയുക്ത പദ്ധതിയായ 'അമൃത്' പദ്ധതിയും നടപ്പിലാക്കി വരുന്നു.

(ബി) എങ്കിൽ ഇതിനാവശ്യമായ തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) 24x7 പദ്ധതിയ്ക്കാവശ്യമായ ധനസഹായം എ.ഡി.ബി യിൽ നിന്നും ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഏകദേശം 2500 കോടി രൂപയാണ് പദ്ധതിയുടെ പ്രതീക്ഷിക്കുന്ന അടങ്കൽ.

(സി) പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

(സി) എ.ഡി.ബി യുടെ ധനസഹായത്തോടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു. താഴെ പറയുന്ന ഘടകങ്ങളാണ് ഈ പദ്ധതിയിൽ ഉൾകൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത്.

1. ഉൽപാദന ഘടകങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.
2. കാലപ്പഴക്കം വന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുക
3. വിതരണ ശൃംഖലയെ വിവിധ മേഖലകളായി തിരിച്ച് ഡി എം എ (District Metering Area) കൾ സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുകയും ജല ചോർച്ച നിയന്ത്രണത്തിൽ ആക്കുകയും ചെയ്യുക. പദ്ധതി പൂർത്തിയാകുമ്പോൾ നിലവിലെ ജലനഷ്ടം ദേശീയ ബഞ്ച് മാർക്ക് നിലവാരമായ 20% ൽ എത്തിക്കുവാനും ലക്ഷ്യമിടുന്നു.
4. മർദ്ദ നിയന്ത്രണ ഉപകരണങ്ങളും ഫ്ളോമീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക
5. SCADA (Supervisory control and data

acquisition) പോലെയുള്ള ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ജലവിതരണ സംവിധാനം നിയന്ത്രിക്കുക.

6. പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.
7. എല്ലാ ഉപഭോക്തൃ വാട്ടർ മീറ്ററുകളും മാറ്റി ഉന്നത നിലവാരമുള്ള മീറ്ററുകൾ സ്ഥാപിക്കുക
8. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി GIS മാപ്പ് തയ്യാറാക്കുക
9. ഐ.റ്റി അധിഷ്ഠിത എം ഐ എസ് ലൂടെ കൃത്യമായ മാനേജ്മെന്റ് സംവിധാനങ്ങൾ ഉറപ്പാക്കുക.
10. 24x7 പദ്ധതി അഞ്ചു വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

Renuka Sankar
സെക്ഷൻ ഓഫീസർ